ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ടി നിവേദനങ്ങൾ ഗവൺമെൻറ് പരിശോധിച്ച് വരികയാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : ചിട്ടി ആക്ടിൽ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിയതിന്റെ ഫലമായി വളരെ നന്നായി ഇതുവരെ നടന്നുകൊണ്ടിരുന്ന പല സഹകരണ സംഘങ്ങളും തകരാറിലാകുകയും ക്ഷീണിക്കുകയും ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് ചെറുവണ്ണൂർ തുറന്നിട്ടുള്ള നിരവധി സഹകരണസംഘങ്ങൾ ധനകാര്യ വകുപ്പുമന്ത്രിക്കും സഹകരണ വകുപ്പു മന്ത്രിക്കും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീമതി എം. കമലം : ചിട്ടി ആക്ടിന്റെ പരിധിയിൽനിന്നും സംഘങ്ങളെ ഒഴിവാക്കുന്നതിന് വളരെയധികം വിഷമമുണ്ട്. ഒരു സഹകരണ സംഘത്തിന്റെ അൻപതു ശതമാനംവരെ വരുന്ന അറാദായം വരെയാണ് ചിട്ടി നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ ചിട്ടി ആക്ട് പ്രകാരം ചിട്ടി നടത്തുന്നതിന് രജിസ്ട്രേഷൻ അപേക്ഷിക്കുമ്പോൾ ജോയിൻറ് രജിസ്ട്രാറുടെ സോൾവൻസി സർട്ടിഫിക്കറോടുകൂടി മാത്രമേ രജിസ്ട്രേഷൻ കൊടുക്കുവാൻ പാടുള്ളൂവെന്ന് രജിസ്ട്രാർ രജിസ്ട്രേഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാരണം, ചിട്ടിയിൽ ചേർന്ന അംഗങ്ങളുടെ നിലപാടും സംഘങ്ങളുടെ സ്ഥിതിയും സംഘങ്ങളുടെയും വ്യക്തികളുടെയും താൽപ്പര്യവുമെല്ലാം വ്യക്തമാക്കുന്നതിനുള്ള നടപടികൾ ഒഴിവാക്കാൻ തൽക്കാലം സാദ്ധ്യമല്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

യുവജനോൽസവ വിജയികൾക്കു നൽകുന്ന പ്രോത്സാഹനങ്ങൾ

* 374. [402] ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന യുവജനോൽസവത്തിലെ വിജയികൾക്കു സംസ്ഥാന ഗവ. ഇപ്പോൾ എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത് ;

(ബി) ഇതു വിപുലീകരിക്കാൻ ഗവ. ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) യുവജനോൽസവ വിജയികൾക്ക് പല പ്രോത്സാഹനങ്ങളും സർക്കാർ നൽകുന്നുണ്ട്. സംസ്ഥാനതല യുവജനോത്സവത്തിൽ ശ്രൂപ്പിനങ്ങളുടക്കമുള്ള വിവിധ ഇനങ്ങളിൽ ഒന്നാം സ്ഥാനക്കാർക്കു 400 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 300 രൂപയും എന്ന നിരക്കിൽ ക്യാഷ് അവർഡ് നൽകിവരുന്നു.

എസ്. എസ്. എൽ. സി.-ക്കു പഠിക്കുന്ന വിദ്യാർത്ഥികളാണെങ്കിൽ ഒന്നാം സ്ഥാനക്കാർക്ക് ജയിക്കുന്നതിന് 5% മുതൽ 10% വരെ ഗ്രേസ് മാർക്കും രണ്ടാം സ്ഥാനക്കാർക്കും എ ഗ്രേഡുകാർക്കും 5 % ഗ്രേസ് മാർക്കും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ജില്ലാ സംസ്ഥാനതല മത്സരങ്ങളിലെ വ്യക്തിഗത ചാമ്പ്യൻമാരായ പെൺകുട്ടിക്കും, ആൺകുട്ടിക്കും സർട്ടിഫിക്കറ്റും ട്രോഫിയും നൽകുന്നു. മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടുന്ന ആൺകുട്ടിക്ക് ''കലാപ്രതിഭ'' സ്ഥാനവും പെൺകുട്ടിക്ക് ''കലാതിലകം'' എന്ന സ്ഥാനവും നൽകുന്നു. ഇവർക്കു ഇനിപ്പറയുന്ന പേരിൽ 10 ഗ്രാം വീതം തൂക്കമുള്ള സ്വർണ്ണമെഡലുകളും സമ്മാനിക്കുന്നു. വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾക്കു പുറമേ പങ്കെടുക്കുന്നവർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകളും നൽകിവരുന്നു.

ഈ വർഷം മുതൽ ഒന്നാം സ്ഥാനക്കാരായ ജില്ലയ്ക്ക് 101 പവൻ തൂക്കമുള്ള സ്വർണ്ണ ട്രോഫി (Education Miniter's Gold Trophy) നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിർദ്ധനരായ കലാ പ്രതിഭകൾക്കു പരിശീലനം നൽകുന്നതിനും പ്രോത്സാഹനമായി സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള ഒരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഷാജു എന്ന കുരുന്നു പ്രതിഭയുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 20,936 രൂപ വീട് നിർമ്മിക്കുന്നതിനും വിദ്യാഭ്യാസ ചിലവുകൾക്കുമായി നൽകി.

(ബി) ഉണ്ട്.

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

* 375. [403] ശ്രീ. കൊലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. മൂസ്സക്കുട്ടി :
,, വർക്കല രാധാകൃഷ്ണൻ :
,, ഒ. രേതൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത കോർപ്പറേഷൻ നടത്തുന്നത് ;

(സി) ഏതെല്ലാം വർക്കുകളാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) ഇതിൽ വിദേശ രാജ്യങ്ങളിലെ ഏതെങ്കിലും പണി ഏറ്റെടുത്തിട്ടുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) 1975-ൽ

(ബി) സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ മുതലായവയുടെ കെട്ടിടം പണിയും കൂടാതെ പാലങ്ങളുടെ പണിയുമാണ് പ്രധാനമായും ഏറ്റെടുത്ത് നടത്തുന്നത്.

(സി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(ഡി) ഇല്ല.

† അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly